# കെ.പി.സി.സി ന്യൂനപക്ഷ സെല്ലിന്റെ ആവശ്യം

■ *കേരളത്തിൽ ഇടതുപക്ഷ മുന്നണിയെ തെരഞ്ഞെടുപ്പിൽ പിന്തുണക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ നയം ജനഹിതം മാനിച്ചുകൊണ്ട് തിരുത്തണമെന്ന് കെ.പി.സി.സി ന്യൂനപക്ഷ വകുപ്പ് സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. നിരീശ്വരത്വം അടിസ്ഥാന ലക്ഷ്യമായി അംഗീകരിക്കുകയും അഴിമതിയെ പാർട്ടിവത്കരിക്കുകയും ചെയ്ത മാർക്സിസ്റ്റ് പാർട്ടിയെ തെരഞ്ഞെടുപ്പിൽ സഹായിച്ചതിലൂടെ ജമാഅത്തെ ഇസ്‌ലാമിയുടെ മതവിശ്വാസത്തിനും മൂല്യങ്ങൾക്കും മങ്ങലേറ്റതായി യോഗം അഭിപ്രായപ്പെട്ടു. കെ.പി.സി.സിയുടെ ന്യൂനപക്ഷ വകുപ്പിന്റെ ഈ അഭിപ്രായത്തെക്കുറിച്ച് മുജീബിന്റെ പ്രതികരണം?*

***സി.കെ ഹാശിം റഷീദ് ഉളിയിൽ***

**കേ**രളത്തിലെ ഇടതുപക്ഷ ഭരണത്തിന്റെ നേട്ട കോട്ടങ്ങൾ മുൻനിർത്തിയല്ല ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ലോക്സഭാ തെരഞ്ഞെടുപ്പിൽ നയം രൂപവത്കരിച്ചതെന്നും, പതിനഞ്ചാം ലോക്സഭയിൽ മതേതര കക്ഷികൾ ഭൂരിപക്ഷം നേടുന്നതോടൊപ്പം സാമ്രാജ്യത്വവിരുദ്ധ നിലപാടുള്ള ഇടതുപക്ഷത്തിന്റെ സജീവ സാന്നിധ്യവും അനുപേക്ഷ്യമാണെന്ന തത്ത്വാധിഷ്ഠിത സമീപനമാണ് സ്വീകരിച്ചതെന്നും യഥാസമയം വ്യക്തമാക്കിയിട്ടുള്ളതാണ്. രാജ്യത്തെ ഏറ്റവും വലിയ മതേതര പാർട്ടിയായ കോൺഗ്രസ് സാമ്രാജ്യത്വദാസ്യം ഉപേക്ഷിക്കുകയും കുത്തകവിരുദ്ധ സാമ്പത്തികനയം നടപ്പാക്കുകയും മൃദുഹിന്ദുത്വ നിലപാട് വിനാശകരമാണെന്ന് തിരിച്ചറിയുകയും ചെയ്തിരുന്നെങ്കിൽ തീർത്തും യു.പി.എക്ക് അനുകൂലമാവുമായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ തീരുമാനം. അത് അസാധ്യമാക്കിത്തീർത്തത് കോൺഗ്രസ്സാണ്. എന്നിട്ടും കേരളത്തിലടക്കം മൊത്തം 223 ലോക്സഭാ മണ്ഡലങ്ങളിൽ ജമാഅത്ത് കോൺഗ്രസ്സിന് അനുകൂലമായാണ് വിധി എഴുതിയതെന്ന സത്യം കെ.പി.സി.സി ന്യൂനപക്ഷ സെൽ കാണാതെ പോയി.

കേരളത്തിലെ 18 മണ്ഡലങ്ങളിലും യു.ഡി.എഫിനെ പരസ്യമായി പിന്തുണച്ച പി.എഫ്.ഐ പോലും ഫലങ്ങൾ പുറത്തുവന്നപ്പോൾ അംഗീകരിക്കേണ്ടിവന്ന വസ്തുത ന്യൂനപക്ഷ സെൽ ശ്രദ്ധിച്ചിരിക്കും. "യു.പി.എയുടെ ഇത്തവണത്തെ ഏറ്റവും വലിയ പോരായ്മ ഇടതുപക്ഷത്തിന്റെ അസാന്നിധ്യമായിരിക്കുമെന്ന് തീർച്ച. മൻമോഹനും ചിദംബരവും ആന്റണിയുമെല്ലാം ഒരർഥത്തിൽ മെയ്ഡ് ഇൻ യു.എസ്സാണ്. വിദേശ കുത്തകകൾക്ക് അഴിഞ്ഞാടാൻ അഴിമുഖ വാതിലുകൾ വിശാലമായി തുറന്നുവെച്ച് സ്വകാര്യ മൂലധന കൊമ്പൻ സ്രാവുകളെ രാജ്യത്തിനകത്തേക്ക് കടത്തിവിടാൻ വെമ്പുന്നവരിൽ ഇവരത്രയും വമ്പന്മാരാണ്.

ഇടതുപക്ഷ സാന്നിധ്യമായിരുന്നു ഇത്രയും കാലം ഈ ദുഷ്പ്രവണതയെ വലിയ ഒരളവോളം ചെറുത്തുനിന്നിരുന്നത്. ഭെൽ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്കടക്കം വിദേശ കാളക്കൂറ്റന്മാർ കടന്നുവരാനുള്ള സാധ്യത ഇനിയങ്ങോട്ട് വളരെ കൂടുതലാണ്. പാവങ്ങളെ മറന്നുകൊണ്ടുള്ള പോക്കായിരിക്കും അത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അർഹതയുള്ളവർ ജീവിക്കുക എന്ന മുതലാളിത്ത മുദ്രാവാക്യം ഇന്ത്യയിൽ വീണ്ടും സജീവമാകാൻ പോവുന്നു. മാലേഗാവ് മോഡൽ ഫാഷിസ്റ്റ് ഭീകരത ഇനിയുള്ള കാലം കൂടുതൽ ശക്തിപ്പെടാനാണ് സാധ്യത" (*തേജസ്* മുഖപ്രസംഗം, 2009 മെയ് 23).

ഈ യാഥാർഥ്യം ദീർഘദർശനം ചെയ്തതാണ് ജമാഅത്തെ ഇസ്‌ലാമി ചെയ്ത തെറ്റ്!

നിരീശ്വരത്വമാണ് മാർക്സിസ്റ്റ് പാർട്ടിയിൽ കോൺഗ്രസ് ന്യൂനപക്ഷ സെൽ ആരോപിക്കുന്ന അപരാധങ്ങളിലൊന്ന്. ജവഹർലാൽ നെഹ്റു മുതൽ എ.കെ ആന്റണി വരെയുള്ളവർ വിശ്വാസപരമായി ഏത് പട്ടികയിലാണ് വരികയെന്ന് കോൺഗ്രസ്സുകാർ ആലോചിക്കണം. അതെന്തായാലും നിരീശ്വരത്വവും നിർമതത്വവും രാജ്യത്തിന്റെ മേൽ അടിച്ചേൽപിക്കാവുന്നവിധം കമ്യൂണിസ്റ്റുകാർ ഇന്ത്യയിൽ അധികാരത്തിൽ വരുമെന്ന ആശങ്ക യാഥാർഥ്യബോധമുള്ള ഒരാൾക്കും ഇല്ല. അധികാരത്തിലിരുന്ന സംസ്ഥാനങ്ങളിൽ ഇതുവരെ അപ്പണി അവർ ചെയ്തിട്ടുമില്ല. ചെറിയ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾതന്നെ വിശ്വാസികൾ അത് പരാജയപ്പെടുത്തുകയും ചെയ്തു. കെ.പി.സി.സി ന്യൂനപക്ഷ സെൽ ചൂണ്ടിക്കാട്ടിയ രണ്ടാമത്തെ കുറ്റം അഴിമതിയാണ്. ബോഫോഴ്സ് മുതൽ ഇസ്രയേൽ മിസൈൽ ഇടപാട് വരെയുള്ള അഴിമതിയാരോപണങ്ങളിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നവർ എങ്ങനെയാണ് മറ്റുള്ളവരെ കല്ലെറിയുക? ബ്രഹ്മപുരം വൈദ്യുതി പദ്ധതി ഇടപാടിൽ കോടികളുടെ അഴിമതിയാരോപണം നേരിടുന്നവർ എങ്ങനെയാണ് എസ്.എൻ.സി ലാവ്‌ലിൻ കേസിൽ പിണറായിക്കെതിരെ വാൾ വീശുക? രാജ്യത്ത് നിന്ന് അഴിമതി നിർമാർജനം ചെയ്യണമെന്ന് അതിശക്തമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ധാർമിക പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതേസമയം ഇരുട്ടിൽ കരിമ്പൂച്ചയെ തെരയുന്നതിനേക്കാൾ ശ്രമകരമാണ് രാഷ്ട്രീയക്കാരിൽ അഴിമതി മുക്തരെ തേടുന്നതെന്നത് അനുഭവസത്യ

മാണ്. എന്നാലും ഇടതുമുന്നണിയുടേതടക്കം സ്ഥാനാർഥികളിൽ ഗുരുതരമായ അഴിമതിയാരോപിതരെയൊന്നും ജമാഅത്ത് ഇതേവരെ പിന്തുണച്ചിട്ടില്ല.

ഇതൊക്കെയാണെങ്കിലും ഇന്ത്യയിലെ ഏറ്റവും സുശിക്ഷിതമായ ഇസ്‌ലാമിക പ്രസ്ഥാനത്തെ മുൻവിധിയോടെ അകറ്റിനിർത്തുന്നതിനു പകരം തത്ത്വാധിഷ്ഠിതമായ സംവാദത്തിന് കോൺഗ്രസ്സിനെ പ്രേരിപ്പിക്കുകയാണ് കെ.പി.സി.സി ന്യൂനപക്ഷ സെൽ ചെയ്യേണ്ടത്. കോൺഗ്രസ്സിനോട് പ്രസ്ഥാനത്തിന് അസ്പൃശ്യതയൊന്നും ഇല്ലെന്ന് ഈ തെരഞ്ഞെടുപ്പിൽതന്നെ വ്യക്തമായതാണല്ലോ.

## അല്ലാഹു നൽകിയ വിജയം?

■ *"പാവങ്ങളോടും മർദിതരോടും രാജ്യത്തിന്റെ നന്മയോടും ഒപ്പം നിന്നതിന് അല്ലാഹു നൽകിയ വിജയമാണ് തെരഞ്ഞെടുപ്പിലുണ്ടായതെന്ന് മുസ്‌ലിംലീഗ് പ്രവർത്തക സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ച സംസ്ഥാന പ്രസിഡന്റ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ പറഞ്ഞു. ലീഗ് ആവശ്യപ്പെടാതെ സഹായിച്ചവരുമായി ലീഗിന്റെ മതേതര മുഖം കളങ്കപ്പെടുന്ന രീതിയിൽ ബന്ധമുണ്ടാവരുതെന്ന് ചർച്ചയിൽ പങ്കെടുത്ത ചിലർ പോപ്പുലർ ഫ്രണ്ടിന്റെ സഹായത്തെ ഉദ്ദേശിച്ച് ആവശ്യപ്പെട്ടു. കാന്തപുരം സുന്നി, ജമാഅത്തെ ഇസ്‌ലാമി എന്നീ സംഘടനകളുടെ അഹങ്കാരത്തിനേറ്റ തിരിച്ചടി കൂടിയാണ് ലീഗിന്റെ വിജയമെന്ന് മറ്റു ചിലർ പറഞ്ഞു. ഈ സംഘടനകൾ സഹായിക്കാതെ തന്നെ ലീഗിന് വിജയം നേടാനാവുമെന്ന് വ്യക്തമായിരിക്കുകയാണ്. അതേസമയം രാഷ്ട്രീയ താൽപര്യമില്ലാത്ത സംഘടനകളുമായി നല്ല ബന്ധം തുടരണമെന്നും അഭിപ്രായമുണ്ടായി" (മാധ്യമം 13.6.2009).*
*ജമാഅത്തെ ഇസ്‌ലാമിയെ രാഷ്ട്രീയ താൽപര്യമുള്ള സംഘടനയായി വിലയിരുത്തിയതിനെ എങ്ങനെ കാണുന്നു?*

***വി.വി മുഹമ്മദ് ഫാറൂഖ് അഴിഞ്ഞിലം***

**വി**ജയവും പരാജയവും നിശ്ചയിക്കുന്നത് അല്ലാഹുവാണ്; സംശയമില്ല. 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും 2006-ലെ നിയമസഭാ ഇലക്ഷനിലും മുസ്‌ലിം ലീഗിന് നേരിട്ട കനത്ത പരാജയവും അല്ലാഹുവിന്റെ പരീക്ഷണമായിരുന്നുവെന്ന് മനസ്സിലാക്കി തെറ്റുകൾ തിരുത്തിയതാണ് ഇത്തവണ പാർട്ടിയുടെ വിജയത്തിന് കാരണമായതെന്ന വിലയിരുത്തൽ നേതൃത്വത്തിനുണ്ടെങ്കിൽ പ്രശംസാർഹമാണ് ആ മനസ്സ്. മറിച്ച്, എ.കെ ആന്റണി ചൂണ്ടിക്കാട്ടിയതുപോലെ, ഇടതുമുന്നണിയുടെ വരദാനമാണ് യു.ഡി.എഫിന്റെ വിജയമെങ്കിൽ അതിൽ ആഹ്ലാദിക്കാൻ വകയില്ല. പാവങ്ങളോടും മർദിതരോടുമൊപ്പമാണ്, സാമ്രാജ്യത്വവിധേയരോടും കുത്തകകളോടും വരേണ്യവർഗത്തോടുമൊപ്പമല്ല മുസ്‌ലിം ലീഗെന്ന് ഇനിയും തെളിയിച്ചിട്ടുവേണം. സമുദായത്തിലെ ഇതര സംഘടനകളുടെ പേരിൽ അഹങ്കാരം ആരോപിക്കുന്നവർ ഇടക്ക് കണ്ണാടിക്ക് നേരെ നിൽക്കുന്നത് തിരിച്ചടികൾ ആവർത്തിക്കാതിരിക്കാനുതകും. ജമാഅത്തെ ഇസ്‌ലാമി മുൻ തെരഞ്ഞെടുപ്പുകളിലും ഇത്തവണ പൊന്നാനിയിലും മുസ്‌ലിം ലീഗിന് പിന്തുണ നൽകിയപ്പോഴില്ലാത്ത രാഷ്ട്രീയ താൽപര്യമൊന്നും പുതുതായി ഉണ്ടായിട്ടില്ല. രാജ്യത്തേറ്റവും വലിയ മതന്യൂനപക്ഷത്തിന്റെ ശാക്തീകരണത്തിന് സാമുദായിക പാർട്ടികളെ പിന്താങ്ങേണ്ട സന്ദർഭങ്ങളിലും മണ്ഡലങ്ങളിലും ചുമതല നിറവേറ്റുക എന്ന പ്രഖ്യാപിത നയത്തിൽ കവിഞ്ഞ താൽപര്യം ഇസ്‌ലാമിക പ്രസ്ഥാനത്തിനില്ല.

## മയ്യിത്ത് സംസ്കരണം വിവാദമാക്കുന്നവർ

■ *"കമലാ സുറയ്യയുടെ മൃതദേഹം കിടത്തിയ സ്ഥലങ്ങൾ ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റി പ്രവർത്തകരും കൈയടക്കിയത് പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. എറണാകുളത്ത് കമലാ സുറയ്യയുടെ മൃതദേഹം കിടത്തിയ ടൗൺഹാൾ പരിസരത്ത് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരും മറ്റു മുസ്‌ലിം സംഘടനാ പ്രവർത്തകരും നടത്തിയ വാക്കേറ്റം സമുദായത്തിന് തന്നെ നാണക്കേടായി. ചടങ്ങുകളെയും പ്രാർഥനാ രീതികളെയും സംബന്ധിച്ചായിരുന്നു വാക്കേറ്റം. കമലയെ സുറയ്യയാക്കിയതിന്റെ ക്രെഡിറ്റ് അവകാശപ്പെടാനും ഇവർ മത്സരിച്ചു. ടൗൺ ഹാളിലെ അസ്വസ്ഥതാ ജനകമായ അന്തരീക്ഷം മൂലം പല പ്രമുഖരും സുറയ്യക്ക് അന്തിമോപചാരമർപ്പിച്ച ശേഷം ഉടനെ മടങ്ങുകയായിരുന്നു" (മലയാളം ന്യൂസ് 2009 ജൂൺ 3). മുജീബിന്റെ പ്രതികരണം?*

***അഹ്മദ് റഫീഖ് അസീസിയ, മക്ക***

പ്രചാരണരംഗത്ത് *ഗൾഫ് മാധ്യമം* ഉയർത്തിയ കനത്ത വെല്ലുവിളികൾ നേരിടാനാവാതെ പല പതിപ്പുകളും പൂട്ടേണ്ടി വന്ന ഒരു പത്രത്തിന്റെ പതിവ് നുണകളിൽ ഒന്നുമാത്രമാണ് ചോദ്യകർത്താവ് ഉദ്ധരിച്ചത്. പ്രിയങ്കരിയായ കമലാ സുറയ്യയുടെ അന്ത്യാഭിലാഷം മാനിച്ച് അവരുടെ മക്കൾ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരുടെയും പാളയം പള്ളികമ്മിറ്റിയുടെയും സംസ്ഥാന സർക്കാറിന്റെയും സഹകരണത്തോടെ മയ്യിത്ത് ഏറ്റവും അഭികാമ്യമായ രീതിയിൽ സംസ്കരിച്ചത് കേരളത്തിനും സമുദായത്തിനും അഭിമാനകരമായി എന്നാണ് നാനാ ജാതി മതസ്ഥരായ പ്രബുദ്ധ സമൂഹത്തിന്റെ വിലയിരുത്തൽ. ഇക്കാര്യത്തിൽ തന്റെ വികാരവിചാരങ്ങൾ സുറയ്യയുടെ സീമന്തപുത്രൻ എം.ഡി നാലപ്പാട്ട് തുറന്നു പറഞ്ഞതിനപ്പുറത്ത് ആർക്കും ഒന്നും നൊടിയേണ്ട കാര്യമില്ല. അസൂയയും കുശുമ്പും മാറാരോഗങ്ങളായി മാറിയവരുടെ ജൽപനങ്ങൾ അവഗണിക്കാവുന്നതേയുള്ളൂ. ആർ.എസ്.എസ്സുകാരും യുക്തിവാദികളുമല്ലാതെ ഉത്തരവാദപ്പെട്ട ഒരു മുസ്‌ലിം സംഘടനയും കമലാ സുറയ്യയുടെ മയ്യിത്ത് സംസ്കരണം ഇഷ്യൂ ആക്കിയിട്ടില്ല.

## ആവർത്തന വിരസമായ ആരോപണം

■ *"ഭരണം മതത്തിന്റെ ആധാരഘടകമായിരുന്നുവെങ്കിൽ എല്ലാ പ്രവാചകന്മാരും ഭരണത്തിനുവേണ്ടി ആഹ്വാനം ചെയ്യുമായിരുന്നു. ഭരണം പിടിച്ചെടുക്കാനുള്ള പോംവഴി ചൂണ്ടിക്കാണിക്കുമായിരുന്നു. രണ്ടും ഉണ്ടായിട്ടില്ല. അതിനർഥം ആ വാദം ഒരുകാലത്തും ഇസ്‌ലാമിന് ബാധകമായിട്ടില്ലെന്നാണ്" (മതരാഷ്ട്രവാദം അകവും പുറവും,* ചന്ദ്രിക, 16.06.2009). ഇസ്‌ലാമിലെ രാഷ്ട്രീയ സിദ്ധാന്തത്തെ നഖശിഖാന്തം എതിർക്കുന്ന ഈ ലേഖന പരമ്പരയെപ്പറ്റി മുജീബിന്റെ പ്രതികരണം?

***ഹാജറ കടന്നമണ്ണ***

**പു**തുതായൊന്നും പഠിക്കുന്നില്ല, പഠിച്ചതൊന്നും മറക്കുന്നുമില്ല എന്ന് വീണ്ടും വീണ്ടും തെളിയിക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാന വിരോധം ഞെരമ്പ് രോഗമായി മാറിയ ചില 'ദാർശനികന്മാർ.' ഇസ്‌ലാം തുടക്കം മുതൽക്കേ മതമേ അല്ല, മനുഷ്യജീവിതത്തിന്റെ സമ്പൂർണ മാർഗദർശനമായി പ്രവാചകന്മാരിലൂടെ അല്ലാഹു നൽകിയ വ്യവസ്ഥയാണ്, പ്രത്യയശാസ്ത്രമാണ്. അതിനെ കേവലം മതമാക്കിയ അപരാധത്തിൽ

ശഹീദ് ഹസനുൽ ബന്നാക്കോ സയ്യിദ് ഖുത്ബിനോ സയ്യിദ് മൗദൂദിക്കോ പങ്കില്ല. സ്വന്തം വിവരക്കേടും സങ്കുചിത മത സങ്കൽപവും ഈ മഹാന്മാരുടെ പേരിൽ കെട്ടിയേൽപിച്ച ശേഷം മതരാഷ്ട്രവാദം എന്ന് ബഹളം വെക്കുന്നത് പരിഹാസ്യമാണ്. രാഷ്ട്രീയവും ഭരണവും ഇല്ലാത്ത, ഒരു സാമ്പ്രദായിക മതദർശനം വിശുദ്ധ ഖുർആനോ പ്രവാചകചര്യയോ ഖിലാഫത്തുർറാശിദയോ മദ്ഹബുകളുടെ ഇമാമുകളോ അവരുടെ പിൻഗാമികളായ ചിന്തകരോ ലോകത്തിന് പരിചയപ്പെടുത്തിയിട്ടില്ല; ഉണ്ടെന്ന് തെളിയിക്കാൻ പരമ്പരകൾ എഴുതി കാലം കഴിക്കുന്നവർക്ക് സാധ്യവുമല്ല. അല്ലാഹുവിന്റെ പരമാധികാരത്തിലും ജനപ്രാതിനിധ്യത്തിലും അധിഷ്ഠിതമായ, ഈമാനും തഖ്‌വയും ഊടും പാവുമായ, നീതിയും സാഹോദര്യവും ക്ഷേമവും പുലരുന്ന ഒരു ഇസ്‌ലാമിക വ്യവസ്ഥിതിയുടെ ചിത്രമാണ് അവരൊക്കെയും അവതരിപ്പിച്ചിരിക്കുന്നത്. അതു തന്നെയാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ചെയ്യുന്നത്. മനുഷ്യനിർമിത ഭൗതിക ദർശനങ്ങളുടെയും അവയുടെ ഉൽപന്നങ്ങളായ അധാർമിക ഭരണസംവിധാനങ്ങളുടെയും മുമ്പാകെ ചകിതരായിത്തീർന്ന അൽപബുദ്ധികളാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ദാർശനികാടിത്തറകളെ അബദ്ധജടിലമായി വിചാരണ ചെയ്യാൻ സമയം കളയുന്നത്. അവർക്ക് വിധിച്ചത് ഇഹത്തിലും പരത്തിലും നഷ്ടം മാത്രം.

## സിനിമാ ശിൽപശാലയുടെ സാധ്യത

■ *ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ യുവജന സംഘടനകൾ തെരുവ് നാടകങ്ങളിൽ തുടങ്ങി ഇപ്പോൾ വൻ മുതൽമുടക്കിൽ സിനിമാ ശിൽപശാലകളിലും ചലച്ചിത്ര മേളകളിലുമെത്തിയിരിക്കുകയാണ്. സിനിമ ഹറാമല്ലെങ്കിലും ഹറാമായതെല്ലാം സിനിമയിൽ കണ്ടെത്താം. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ യുവപ്രതിഭകൾ അതിരുകവിയുന്നതിന് മുമ്പായി കടിഞ്ഞാണിടാൻ പ്രസ്ഥാനത്തിന് എത്രത്തോളം സാധിക്കും? വിശദീകരിക്കാമോ?*

***എസ്.എ ജഅ്ഫറുസ്സാദിഖ്***
***മുക്കം ഓർഫനേജ്***

**വ**ർത്തമാനകാലത്ത് മനുഷ്യസമൂഹത്തിൽ വലിയൊരു വിഭാഗത്തെ സ്വാധീനിക്കുന്ന കലയാണ് സിനിമ. മാനവികതയുടെയും നൈതികതയുടെയും ധാർമികതയുടെയും ശവപ്പറമ്പ് തീർത്ത് സിനിമ ലോകത്തെ വഴിതെറ്റിക്കുമ്പോൾ ബദലിനായുള്ള മൂല്യാധിഷ്ഠിത ഇടപെടൽ സാമൂഹിക ബാധ്യതയായിത്തീരുന്നു. ഓരോ വീടും സദാചാരത്തകർച്ചയുടെ പടുകുഴിയിൽ പതിക്കണമെന്നാണ് ഹോളിവുഡ്-ബോളിവുഡ്- കോളിവുഡ് ശിൽപികളുടെ മനസ്സിലിരിപ്പെന്ന് തോന്നും. ഇത് തിരിച്ചറിയാൻ മുസ്‌ലിം സമൂഹം ഏറെ വൈകി. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം എല്ലാ പരിമിതികൾക്കും ഉള്ളിൽനിന്നുകൊണ്ട് നടത്തുന്ന പ്രാഥമിക നീക്കങ്ങൾ മാത്രമാണ് ചോദ്യകർത്താവ് പരാമർശിച്ചത്. അത് കടിഞ്ഞാണിടാൻ മാത്രം പരിധിവിട്ടിട്ടില്ല. പരിധി വിടുമ്പോൾ നിശ്ചയമായും നിയന്ത്രണം ആവശ്യമായിവരും. ഇപ്പോൾ വേണ്ടത് പ്രോത്സാഹനമാണ്. മർമം നോക്കിയിരുന്നാൽ പശുവിനെ തല്ലാൻ പറ്റില്ല.

## നട്ടെല്ലില്ലാ ജീവികൾ

■ *"വിവാഹ ജീവിതത്തിൽ സമാധാനം വേണമെന്നുണ്ടോ? എങ്കിൽ ഭാര്യ പറയുന്നതെല്ലാം കണ്ണടച്ച് അനുസരിച്ചോളൂ...... നിങ്ങളുടെ ഭാര്യ മുഖം ആ വശത്തേക്ക് തിരിക്കാൻ ആവശ്യപ്പെട്ടാൽ ആ വശത്തേക്ക് തിരിക്കുക. ഈ വശത്തേക്ക് തിരിക്കാൻ ആവശ്യപ്പെട്ടാൽ ഈ വശത്തേക്ക് തിരിക്കുക. അല്ലെങ്കിൽ നിങ്ങൾ കുഴപ്പത്തിലാകും. ഞങ്ങളെല്ലാം ഈ പീഡനം ഏറ്റുവാങ്ങുന്നവരാണ്"* (മാധ്യമം 2009 *മെയ് 20). സുപ്രീംകോടതി അവധിക്കാല ബെഞ്ചിന്റെ വിധിയാണിത്. മുജീബിന്റെ പ്രതികരണം?*

***റെനീം അബ്ദുല്ല മണലൊടി,***
***കിണാശ്ശേരി***

**ബ**ഹുമാന്യരായ ന്യായാധിപന്മാർ സ്വാനുഭവങ്ങളിലൂടെ നടത്തിയ നിരീക്ഷണം മാത്രമാണത്, കോടതി വിധിയല്ല. ഭാര്യയെ മാന്യമായും ന്യായമായും ഭരിക്കാനറിയുന്നവനാണ് ഭർത്താവ്. നട്ടെല്ലില്ലാ ജീവികൾ ഏത് പദവിയിലിരുന്നാലും ഭർത്താവെന്ന് പറഞ്ഞു നടന്നിട്ടെന്തു കാര്യം? പരസ്പര സ്നേഹത്തിന്റെയും വിട്ടുവീഴ്ചയുടെയും കണ്ണു ചിമ്മലിന്റെയും പുറത്തേ ദാമ്പത്യം സുഖകരമായി നിലനിൽക്കൂ. ■